ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE: 02.11.2025

## പ്രധാനവാർത്തകൾ

1. ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ രണ്ടുദിവസത്തെ സന്ദർശനത്തിനായി നാളെ കേരളത്തിൽ എത്തും. വിവിധ പരിപാടികളിൽ പങ്കെടുക്കും.
2. രാജ്യത്തെ ഭാരമേറിയ വാർത്താവിനിമയ ഉപഗ്രഹം **CMS**-03 യുടെ വിക്ഷേപണം ഇന്ന്.
3. കേരളത്തിൻറെ വായനാ സംസ്കാരം നൽകിയ സാമൂഹിക അടിത്തറയാണ് അതിദാരിദ്ര്യ നിർമ്മാജനം സാധ്യമാക്കിയതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
4. സംസ്ഥാനത്ത് ഗർഭാശയ ഗള കാൻസർ പ്രതിരോധത്തിനായി പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥിനികൾക്കുള്ള വാക്സിനേഷൻ നാളെ ആരംഭിക്കും. പദ്ധതി ആദ്യം നടപ്പാക്കുന്നത് കണ്ണൂരിൽ.
5. ഭക്തിസാന്ദ്രമായി പരുമല. നാളെ പെരുന്നാളിനോടനുബന്ധിച്ച് തിരുവല്ല, മാവേലിക്കര, ചെങ്ങന്നൂർ താലൂക്കുകളിൽ പ്രാദേശിക അവധി.
6. ഐസിസി വനിതാ ലോകകപ്പ് ഫൈനലിൽ ഇന്ത്യ ഇന്ന് ദക്ഷിണാഫ്രിക്കയെ നേരിടും.

RNU TVPM

☸☸☸☸☸☸☸☸☸☸☸☸☸

## രാഷ്ട്രപതി സന്ദർശനം

രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ ത്രിദിന ഉത്തരാഖണ്ഡ് സന്ദർശനം ആരംഭിച്ചു. ഹരിദ്വാറിലെ പതഞ്ജലി സർവകലാശാല യുടെ രണ്ടാം ബിരുദദാന ചടങ്ങിൽ രാഷ്ട്രപതി പങ്കെടുക്കുകയാണ്. ഉത്തരാഖണ്ഡിൻറെ രജത ജൂബിലി ആഘോഷത്തോടനുബന്ധിച്ച് ഉത്തരാഖണ്ഡ് നിയമസഭയെ നാളെ ശ്രീമതി മുർമു അഭിസംബോധന ചെയ്യും. നൈനിറ്റാളിൽ, രാജ്ഭവൻ സ്ഥാപിത മായതിൻറെ 125 വർഷത്തെ സ്മരണാർത്ഥം നടക്കുന്ന ചടങ്ങിലും രാഷ്ട്രപതി പങ്കെടുക്കും.

☸☸☸☸☸☸☸☸☸☸☸☸☸

## ഉപരാഷ്ട്രപതി -കേരള

ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ രണ്ടുദിവസത്തെ സന്ദർശനത്തിനായി നാളെ കേരളത്തിൽ എത്തും. ഉപരാഷ്ട്രപതിയായ ശേഷമുള്ള അദ്ദേഹ ത്തിന്റെ ആദ്യ കേരള സന്ദർശനമാണിത്. നാളെ കൊല്ലം ഫാത്തിമ മാത നാഷണൽ കോളേജ് വജ്ര ജൂബിലി ആഘോഷങ്ങളിൽ അദ്ദേഹം മുഖ്യാതിഥിയായി പങ്കെടുക്കും. ഇന്ത്യൻ കയർ കയറ്റുമതി ഫെഡറേഷൻ പ്രതിനിധികളുമായും കൊല്ലത്ത് കൂടിക്കാഴ്ച നടത്തും. മറ്റന്നാൾ തിരുവനന്തപുരം ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസും ഉപരാഷ്ട്രപതി സന്ദർശിക്കും. ഉപരാഷ്ട്രപതിയുടെ സന്ദർശനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് സുരക്ഷ ശക്തമാക്കി. കൊല്ലം നഗരത്തിൽ ഗതാഗതത്തിനും പാർക്കിങ്ങിനും പോലീസ് ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്.

RNU TVPM

☸☸☸☸☸☸☸☸☸☸☸☸☸

## ഐഎസ്ആർഒ

രാജ്യത്തെ ഭാരമേറിയ വാർത്താവിനിമയ ഉപഗ്രഹം CMS-03 ഐഎസ്ആർഒ ഇന്ന് വിക്ഷേപിക്കും. വൈകുന്നേരം ആന്ധ്രാപ്രദേശിലെ ശ്രീഹരികോട്ട സതീഷ്ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ നിന്നുമാണ് വിക്ഷേപണം. മൾട്ടി-ബാൻഡ് സൈനിക ആശയവിനിമയ ഉപഗ്രഹമാണ് CMS-03 അഥവാ GSAT-7R.

❁❁❁❁❁❁❁❁❁❁❁❁❁

## മുഖ്യമന്ത്രി വായന (ഇൻട്രോ)

കേരളത്തിൻറെ വായനാ സംസ്കാരം നൽകിയ സാമൂഹിക അടിത്തറ യാണ് അതിദാരിദ്ര്യ നിർമ്മാജനം സാധ്യമാക്കിയതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കരുതലുള്ള സമൂഹത്തെ സൃഷ്ടിക്കാൻ വായന യിലൂടെ കേരളത്തിന് സാധിച്ചതായും മുഖ്യമന്ത്രി പറഞ്ഞു. പി എൻ പണിക്കർ ഫൌണ്ടേഷൻ തിരുവനന്തപുരത്ത് സംഘടിപ്പിച്ച പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയ്സ്)

❁❁❁❁❁❁❁❁❁❁❁❁❁

## പ്രതിരോധ കുത്തിവെയ്പ്പ്

കേരളത്തിലെ പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥിനികൾക്കായുള്ള, എച്ച് പി വി വാക്സിനേഷൻ പദ്ധതി നാളെ ആരംഭിക്കും. ഗർഭാശയഗള കാൻസർ പ്രതിരോധം ലക്ഷ്യമിട്ടുള്ള  പദ്ധതിയുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ നിർവ്വഹിക്കും. പരീക്ഷണ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലാണ് ആദ്യം പദ്ധതി നടപ്പിലാക്കുന്നത്. കണ്ണൂർ കൂത്തുപറമ്പ് താലൂക്ക് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയും മുഖ്യമന്ത്രി നാളെ ഉദ്ഘാടനം ചെയ്യും.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## നെല്ല് സംഭരണം - ആലപ്പുഴ (ഇൻട്രോ)

ആലപ്പുഴ ജില്ലയിലെ നെല്ല് സംഭരണം ആരംഭിച്ചു. ഇന്നലെ ഭക്ഷ്യ മന്ത്രിയുടെയും കൃഷിമന്ത്രിയുടെയും നേതൃത്വത്തിൽ ഓൺലൈനായി ചേർന്ന യോഗത്തിൽ, അടിയന്തിരമായി നെല്ല് സംഭരിക്കാൻ തീരുമാനിക്കുകയായിരുന്നു.

വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

## മന്ത്രി വി ശിവൻകുട്ടി

കേന്ദ്രാവിഷ്കൃത പദ്ധതിയായ സമഗ്ര ശിക്ഷാ കേരളയിലെ ഫണ്ട് ലഭിക്കുമെന്നാണ് പ്രതീക്ഷയെന്ന് മന്ത്രി വി ശിവൻകുട്ടി. കേന്ദ്ര വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുമായുള്ള ചർച്ച പ്രതീക്ഷ നൽകുന്ന താണെന്നും അദ്ദേഹം പറഞ്ഞു. ഈ മാസം 10ന് നടക്കുന്ന തൊഴിൽ മന്ത്രിമാരുടെ യോഗത്തിൽ കേന്ദ്ര വിദ്യാഭ്യാസ മന്ത്രിയെ കാണാൻ ശ്രമിക്കുമെന്നും അദ്ദേഹം പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## ജിഎസ്ടി

കേന്ദ്രസർക്കാരിൻറെ ജിഎസ്ടി പരിഷ്കരണം വിദ്യാർത്ഥികൾക്ക് ഏറെ ഗുണം ചെയ്യുന്നതായി വിലയിരുത്തൽ. സ്റ്റേഷനറി വസ്തുക്കളുടെ നികുതി ഗണ്യമായി കുറച്ചിട്ടുണ്ട്. നോട്ട്ബുക്കുകൾ, പെൻസിലുകൾ, ഷാർപ്പനറുകൾ, ഗ്രാഫ് പുസ്തകങ്ങൾ, തുടങ്ങിയവയുടെ നികുതി ഒഴിവാക്കിയിട്ടുണ്ട്. ഇത് അവശ്യ പഠന ഉപകരണങ്ങളുടെ വില കുറയ്ക്കും.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## പരുമല. തീർഥാടനം (ഇൻട്രോ)

പരുമല തീർഥാടന വാരാഘോഷ സമാപനവും തീർഥാടക സംഗമവും ഇന്നു നടക്കും. നാളെയാണ് പെരുന്നാൾ. തിരുവല്ല, മാവേലിക്കര, ചെങ്ങന്നൂർ താലൂക്കുകളിലെ എല്ലാ സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നാളെ അവധി നൽകിട്ടുണ്ട്. പൊതുപരീക്ഷകൾക്ക് ഉത്തരവ് ബാധകമല്ല.

വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ല പ്രതിനിധി ശ്രീജി എസ് ശ്രീധർ

(ഹോൾഡ് വോയ്സ്)

❁❁❁❁❁❁❁❁❁❁❁❁❁

## ഐസിസി ക്രിക്കറ്റ്

ഐസിസി വനിതാ ലോകകപ്പ് ഫൈനലിൽ ഇന്ന് ഇന്ത്യ ദക്ഷിണാഫ്രിക്കയെ നേരിടും. വൈകിട്ട് മൂന്നിന് മുംബൈയിലാണ് മത്സരം. സെമിയിൽ ഓസീസിനെ 5 വിക്കറ്റിന് തോൽപിച്ചായിരുന്നു ഇന്ത്യയുടെ ഫൈനൽ പ്രവേശം.

☸☸☸☸☸☸☸☸☸☸☸☸☸

## ടി - 20

ഇന്ത്യ- ഓസ്ട്രേലിയ ട്വൻറി-20 പരമ്പരയിലെ മൂന്നാം മത്സരം ഇന്ന്. ഇന്ത്യൻ സമയം ഉച്ചയ്ക്ക് 1.45ന് ബെല്ലേറീവിലാണ് മത്സരം. പരമ്പരയിൽ ഓസീസ് 1-0ന് മുന്നിലാണ്.

☸☸☸☸☸☸☸☸☸☸☸☸☸

## മാനുവൽ ഫ്രെഡറക്ക്

അന്തരിച്ച ഒളിമ്പ്യൻ മാനുവൽ ഫ്രെഡറക്കിന്റെ സംസ്കാരം ഇന്ന് ബംഗളൂരുവിൽ നടക്കും. ഉച്ചയ്ക്കുശേഷം ഹുസൂർ റോഡിലെ ഇന്ത്യൻ ക്രിസ്ത്യൻ സെമിത്തേരിയിലാണ് സംസ്കാര ചടങ്ങുകൾ. 1972ലെ യൂണിക് ഒളിമ്പിക്സിൽ വെങ്കലം നേടിയ ഇന്ത്യൻ ഹോക്കി ടീമിന്റെ ഗോൾ കീപ്പറാണ് കണ്ണൂർ സ്വദേശിയായ മാനുവൽ ഫ്രെഡറിക്ക്. കേരളത്തിന്റെ ആദ്യ ഒളിമ്പിക്ക് മെഡൽ ജേതാവായ മാനുവൽ ഫ്രെഡറക്കിനെ 2019 ൽ രാജ്യം ധ്യാൻചന്ദ് പുരസ്കാരം നൽകി ആദരിച്ചിരുന്നു. മാനുവൽ ഫെഡറിക്സിന് അനുശോചനം രേഖപ്പെടുത്തി കൊണ്ട് ഇന്ന് വൈകുന്നേരം കണ്ണൂർ ജില്ലാ സ്പോർട്സ് കൗൺസിലിൻ്റെയും ജില്ലാ ഒളിമ്പിക് അസോസിയേഷൻ്റെയും ആഭിമുഖ്യത്തിൽ പുഷ്പാർച്ചന നടത്തും.

RNUTVPM

☸☸☸☸☸☸☸☸☸☸☸☸☸

## സർദാർ @150 ഏകതാ പദയാത്ര

സർദാർ@150 ഏകതാ പദയാത്രയുടെ ഭാഗമായുള്ള പാലക്കാട് ലോകസഭാ മണ്ഡലത്തിന്റെ പദയാത്ര നാളെ വി കെ ശ്രീകണ്ഠൻ എം.പി പാലക്കാട് കോട്ട മൈതാനത്ത് ഫ്ലാഗ് ഓഫ് ചെയ്യും. നാഷണൽ സർവീസ് സ്കീമിലെയും നാഷണൽ കേഡറ്റ് ക്രോപ്പ്സി ലേയും

വിദ്യാർത്ഥികളും യുവജന ക്ലബ്ബ് പ്രതിനിധികളും പദയാത്രയിൽ അണിചേരും.

☸☸☸☸☸☸☸☸☸☸☸☸☸

## ഇടത് മുന്നണി യോഗം

ഇടത് മുന്നണി യോഗം ഇന്ന് തിരുവനന്തപുരത്ത് ചേരും. വൈകുന്നേരം 4 മണിക്ക് എ കെ ജി സെന്ററിൽ നടക്കുന്ന യോഗത്തിൽ, പി എം ശ്രീ, തദ്ദേശ തിരഞ്ഞെടുപ്പ് ഉൾപ്പെടെയുള്ള വിഷയങ്ങൾ ചർച്ച ചെയ്യു മെന്നാണ് സൂചന. പി എം ശ്രീ സർക്കാർ ഒപ്പ് വച്ചതുമായി ബന്ധപ്പെട്ട വിവാദങ്ങൾക്ക് ശേഷമുള്ള ആദ്യ എൽ ഡി എഫ് യോഗമാണ് ഇത്.

☸☸☸☸☸☸☸☸☸☸☸☸☸

## കുട്ടികൾ മരിച്ചു

പാലക്കാട്, ചിറ്റൂരിൽ കാണാതായ ഇരട്ട സഹോദരന്മാരായ കുട്ടികളെ മരിച്ച നിലയിൽ കണ്ടെത്തി. ചാമപറമ്പ് സ്വദേശികളായ രാമൻ, ലക്ഷ്മണൻ എന്നിവരെയാണ് വീടിന് സമീപത്തെ കുളത്തിൽ മരിച്ച നിലയിൽ കണ്ടെത്തിയത്. ചിറ്റൂർ ബോയ്സ് സ്കൂളിലെ ഒമ്പതാം ക്ലാസ് വിദ്യാർത്ഥികളാണ്. ഇന്നലെ വൈകുന്നേരം 7 മണി മുതൽ കുട്ടികളെ കാണാതാവുക യായിരുന്നു.

RNU TVPM

☸☸☸☸☸☸☸☸☸☸☸☸☸

## ആഫ്രിക്കൻ പന്നിപ്പനി

മലപ്പുറം വഴിക്കടവിൽ കാട്ടുപന്നികൾ കൂട്ടത്തോടെ ചാകാൻ കാരണം ആഫ്രിക്കൻ പന്നിപ്പനിയെന്ന് റിപ്പോർട്ട്. ഭോപ്പാലിലെ നാഷനൽ ഇൻസ്റ്റ്യൂട്ട് ഓഫ് ഹൈ സെക്യൂരിറ്റി അനിമൽ ഡിസീസിലെ പരിശോധന യിലാണ് രോഗം സ്ഥിരീകരിച്ചത്. കാട്ടുപന്നികളിലും വളർത്ത് പന്നികളിലും അതിവേഗം പടരുമെങ്കിലും മനുഷ്യരിൽ രോഗം ബാധിക്കാറില്ല. പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കി.

☸☸☸☸☸☸☸☸☸☸☸☸☸

## എസ്ഐആർ ഇടുക്കി

തീവ്ര വോട്ടർ പട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട് ഇടുക്കിയിൽ അംഗീകൃത രാഷ്ട്രീയ പാർട്ടികളുടെ യോഗം ചേർന്നു. എസ്ഐആർ നടപ്പാക്കുന്നതിലെ സംശയ നിവാരണത്തിനും അഭിപ്രായ ശേഖരണ ത്തിനുമാണ് ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ യോഗം ചേർന്നത്. വീടുകൾ തോറുമുള്ള വിവര ശേഖരണം മറ്റന്നാൾ ആരംഭിക്കും. അടുത്ത വർഷം ഫെബ്രുവരി ഏഴിനാണ് അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരി ക്കുന്നത്.

☸☸☸☸☸☸☸☸☸☸☸☸☸

## പാസിങ് ഔട്ട് പരേഡ്

പരിശീലനം പൂർത്തിയാക്കിയ പോലീസ് ട്രെയിനികളുടെ പാസിങ് ഔട്ട് പരേഡ് നാളെ കണ്ണൂരിൽ നടക്കും. മുഖ്യമന്ത്രി പിണറായി വിജയൻ സല്യൂട്ട് സ്വീകരിക്കും. രണ്ട്, നാല് ബറ്റാലിയനുകളിലെ 479 പേരാണ് പരിശീലനം പൂർത്തിയാക്കിയത്.

☸☸☸☸☸☸☸☸☸☸☸☸☸

## വയനാട് പൊഴുതന അപകടം

വയനാട് പൊഴുതനയിൽ വിദ്യാർത്ഥി മുങ്ങി മരിച്ചു. മേപ്പാടി സർക്കാർ സ്കൂളിലെ വിദ്യാർത്ഥി ആര്യ ദേവാണ് മുത്താറിക്കുന്ന് ഭാഗത്ത് പുഴയിൽ മരിച്ചത്. നാട്ടുകാർ നടത്തിയ തെരച്ചിലിൽ കുട്ടിയെ കണ്ടെത്തി ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

☸☸☸☸☸☸☸☸☸☸☸☸☸
☸☸☸☸☸☸☸☸☸☸
☸☸☸☸☸☸

RNUTVPM